16. ഫിഷറീസ് വകപ്പിൽ ഇൻഫർമേഷൻ ടെക്നോളജി പ്രയോജനപ്പെടുത്തൽ

17. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് പലിശരഹിത വായ്പ

18. തീരമൈത്രി പദ്ധതി

19. മത്സ്യകൃഷി പരിശീലന കേന്ദ്രം സ്ഥാപിക്കൽ

20. ഫിഷറീസ് സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കൽ

21. NBCFDC, NFDFC ലോണുകളിന്മേലുള്ള സീഡ് കാപിറ്റൽ നൽകൽ

22. സമ്പാദ്യ സമാശ്വാസ പദ്ധതി

23. നാടൻ വള്ളങ്ങൾക്ക് മോട്ടോർ ഘടിപ്പിക്കൽ

24. കേന്ദ്ര സഹായത്തോടെയുള്ള ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കൽ

ഇതിൽ മത്സ്യബന്ധന യാനങ്ങൾക്കുള്ള insurance പരിരക്ഷ ഏർപ്പെടുത്തൽ, നാടൻ വള്ളങ്ങൾക്ക് മോട്ടോർ ഘടിപ്പിക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിൽ വരുത്താതെ അവശേഷിക്കുന്നു.

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനെ തെറ്റിദ്ധരിപ്പിക്കുന്ന മാഫിയാസംഘങ്ങൾ

119 (4454) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനിലൂടെ കഴിഞ്ഞ മൂന്നു കൊല്ലങ്ങൾക്കുള്ളിൽ എത്ര രൂപയുടെ കടങ്ങൾ എഴുതിത്തള്ളുവാൻ സാധിച്ചിട്ടുണ്ട് ;

(ബി) സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകളിൽ ഉൾപ്പെടാത്തവരും മത്സ്യത്തൊഴിലാളികളല്ലാത്തവരുമായവരുടെ കടങ്ങൾ, വ്യാജരേഖകൾ ചമച്ച് എഴുതിത്തള്ളിപ്പിക്കുന്നതിനായി മത്സ്യത്തൊഴിലാളി മേഖലയിൽ പ്രവർത്തിച്ചു വരുന്ന മാഫിയ സംഘങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചന്വേഷിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) കടാശ്വാസ കമ്മീഷനുകളെയും സർക്കാരിനെയും തെറ്റിദ്ധരിപ്പിച്ച് സർക്കാർ പണം കൊള്ളയടിക്കുന്ന മാഫിയാ സംഘങ്ങൾക്കെതിരെ ലഭിക്കുന്ന പരാതികളിന്മേൽ അടിയന്തര നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്തിരുന്നതും സർക്കാർ അംഗീകരിച്ചതുമായ ലിസ്റ്റിൽ നിന്ന് കഴിഞ്ഞ മൂന്ന കൊല്ലങ്ങളിലായി (2012-13 മുതൽ 2014-15 വരെ) താഴെപ്പറയുന്ന പ്രകാരം കടാശ്വാസം അനുവദിച്ച് നൽകിയിട്ടുണ്ട്.

സഹകരണ വകുപ്പുമായി ബന്ധപ്പെട്ടുള്ള കടങ്ങൾ	35,48,22,983
മത്സ്യഫെഡുമായി ബന്ധപ്പെട്ട കടങ്ങൾ	86,01,924
ദേശസാൽകൃത/ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട കടങ്ങൾ	14,09,64,648
ആകെ	50,43,89,555

(ബി) മാഫിയാ സംഘങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത്തരത്തിലുള്ള പരാതികൾ ലഭിച്ചിട്ടില്ല. പരാതികൾ ലഭിക്കുകയാണെങ്കിൽ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മത്സ്യത്തൊഴിലാളികൾക്ക് ഉത്പാദന ബോണസ്

120 (4455) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

2014-15-ലെ സംസ്ഥാന ബഡ്ജറ്റിൽ മത്സ്യത്തൊഴിലാളികൾക്കായി പ്രഖ്യാപിച്ച ഉല്പാദന വർദ്ധനവിനും വരുമാന വർദ്ധനവിനുമായി ഉൽപാദന ബോണസ് അനുവദിക്കാനുള്ള പദ്ധതിയിലേയ്ക്ക് വകയിരുത്തിയിരുന്ന തുകയിൽ എത്ര തുക ചെലവഴിച്ചു ; എത്ര തുക ചെലവഴിക്കാനായി ബാക്കിയുണ്ട് ; വ്യക്തമാക്കാമോ ?

ഉത്തരം

മത്സ്യത്തൊഴിലാളികൾക്ക് ഉത്പാദന ബോണസ് പദ്ധതി നടപ്പിലാക്കുന്നതിനായി 2014-15-ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 2 കോടി രൂപയിൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കി തുകയായ 150 ലക്ഷം രൂപ ഉപധനാഭ്യർത്ഥന വഴി അനുവദിക്കുന്നത് പരിഗണിച്ചുവരുന്നു. പ്രസ്തുത തുക അനുവദിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതാണ്.